## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം, തിരുവനന്തപുരം.

വിഷയം- ആ.വ.ഡ- ജീവനക്കാര്യം-ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ പൊതുസ്ഥലം മാറ്റം അന്തിമഉത്തരവ്- പുറപ്പെടുവിക്കുന്നു.

പരാമർശം- 1. ഉത്തരവ് നം.ഇജി4-65753/20/ആ.വ.ഡ, തീയതി, 26.08.2020

2. ഉത്തരവ് നം.ഇ.ജി4-65753/20/ആ.വ.ഡ, 09.10.2020

3. സർക്കുലർ നം.എ3-246/20/ഹെൽത്ത്/ആ.കു.വ, തീയതി, 29.09.2020

4. സർക്കുലർ നം.എ3-246/20/ഹെൽത്ത്/ആ.കു.വ, തീയതി, 12.01.2021

5. ഉത്തരവ് നം.ഇജി4-45696/08/ആ.വ.ഡ, തീയതി, 17.08.2020

### ഉത്തരവ് നം- ഇ.ജി 4-65753/2020/ആ.വ.ഡ, തിയതി, 20/01/2021

മേൽ പരാമർശം (1) പ്രകാരം ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ 2020 വർഷത്തിലെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് പട്ടിക അപ്പീലുകൾ ക്ഷണിച്ചു കൊണ്ട് പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ സവിശേഷ സാഹചര്യവും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാധാന്യവും കണക്കിലെടുത്തു കൊണ്ട് ആരോഗ്യവകുപ്പിലെ ഈ വർഷത്തെ പൊതുസ്ഥലം മാറ്റം കോവിഡ് വ്യാപനം ശമിക്കുന്ന മുറക്ക് മാത്രമെ പരിഗണിക്കേണ്ടതുള്ളൂ എന്ന് മേൽപരാമർശം (3) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുടെ അടിസ്ഥാനത്തിലോ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലോ പൊതുതാൽപര്യത്തിന്റെയോ ഭരണപരമായ സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള അടിയന്തിര സാഹചര്യങ്ങളിലോ അനിവാര്യമാകുന്ന സ്ഥലംമാറ്റങ്ങൾ പരിഗണിക്കേണ്ടതാണെന്ന് മേൽ പരാമർശം (3) പ്രകാരം നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽപരാമർശം (2) പ്രകാരം ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ പരാമർശം (3) പ്രകാരം നിർത്തിവച്ചിരുന്ന പൊതുസ്ഥലംമാറ്റ നടപടികൾ പുനരാരംഭിക്കുന്നതിന് മേൽ പരാമർശം (4) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ജീവനക്കാർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ പരിശോധിച്ച് അർഹരായിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന ഹെൽത്ത് സൂപ്പർവൈസർമാരെ അവരുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് 2020 വർഷത്തിലെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

| ക്രമ നം. | പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റം അനുവദിക്കുന്ന ജില്ല | അഭിപ്രായം |
|---|---|---|---|
| 1. | സുദർശനൻ.പി.എ.<br>സി.എച്ച്.സി., വെള്ളാനി, തൃശ്ശൂർ | എറണാകുളം | ക്രമനം. 2പ്രകാരമുള്ള ഒഴിവ് |
| 2. | ഗിലൻ.പി.എസ്.<br>സി.എച്ച്.സി. കീച്ചേരി, എറണാകുളം | കോട്ടയം | നിലവിലുള്ള ഒഴിവ് |
| 3. | രവീന്ദ്രനാഥനാഥൻ.<br>സി.എച്ച്.സി., ശൂരനാട്, ആലപ്പുഴ | തൃശ്ശൂർ | ക്രമനം.1 പ്രകാരമുള്ള ഒഴിവ് |
| 4. | അബ്ദുൾ റഷീദ്<br>സി.എച്ച്.സി. അലനല്ലൂർ, പാലക്കാട് | മലപ്പുറം | നിലവിലുള്ള ഒഴിവ് |
| 5. | നാരായണൻ.എം.<br>സി.എച്ച്.സി., കളക്കട്, കൊല്ലം | പാലക്കാട് | ക്രമനം.4 പ്രകാരമുള്ള ഒഴിവ്<br>SC/STപ്രൊട്ടക്ഷൻ |
| 6. | സുരേഷ് കുമാർ.പി.<br>സി.എച്ച്.സി., പത്തനാപുരം, കൊല്ലം | ആലപ്പുഴ | ക്രമനം.3 പ്രകാരമുള്ള ഒഴിവ്. 2 വർത്തിനുള്ളിൽ വിരമിക്കുന്നു. |
| 7. | എബ്രഹാം മാത്യു<br>ഡി.വി.സി.യൂണിറ്റ്, ആലപ്പുഴ | കോട്ടയം | 2 വർഷത്തിനുള്ളിൽ വിരമിക്കുന്നു.<br>നിലവിവുള്ള ഒഴിവ് |
| 8. | ശ്രീകൃഷ്ണൻ.പി.റ്റി.<br>എം.സി.എച്ച്, പാങ്ങപ്പാറ, തിരുവനന്തപുരം | തൃശ്ശൂർ | |
| 9. | ജോയ് തോമസ്<br>സി.എച്ച്.സി., പെരുങ്കടവിള, തിരുവനന്തപുരം | കോഴിക്കോട് | |
| 10. | ജോസഫ് സാർത്തോ<br>ഡി.വി.സി.യൂണിറ്റ്, തിരുവനന്തപുരം | ആലപ്പുഴ | |

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2020 വർഷത്തിലെ പൊതുസ്ഥലം മാറ്റം താൽക്കാലികമായി നിർത്തിവച്ചിരുന്നതിനാൽ മേൽ പരാമർശം (5) പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ജില്ലകളിലേക്ക് സീനിയറായ ജീവനക്കാർ അപേക്ഷിക്കുന്ന പക്ഷം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന ജില്ല പുന:ക്രമീകരിക്കുന്നതാണ് എന്ന് പരാമർശം (5) പ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട താഴെ പറയുന്ന ജീവനക്കാരെ

അവരുടെ പേരിനോടൊപ്പം ചേർത്തിട്ടുള്ള ജില്ലകളിലേക്ക് സ്ഥലം മാറ്റി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | അനുവദിക്കുന്ന ജില്ല | അഭിപ്രായം |
|---|---|---|---|
| 1. | സുധൻ.<br>പി.എച്ച്.സി.ആളൂര്, തൃശ്ശൂര് | ആലപ്പുഴ | |

മേല് പരാമർശിച്ചിരിക്കുന്ന ജീവനക്കാരെ സ്ഥാപനമേധാവികള് അടിയന്തിരമായി വിടുതല് ചെയ്യേണ്ടതും അതാതു ജില്ലാമെഡിക്കൽ ആഫീസര് അനുയോജ്യമായ നിയമന ഉത്തരവ് നൽകേണ്ടതുമാണ്. കൂടാതെ മേൽപറഞ്ഞ പ്രകാരം സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാര് കോവിഡ്-19 ന്റെ ഭാഗമായുള്ള ചുമതലകള് തടസ്സം കൂടാതെ നടത്തുന്നതിന് പുതുതായി നിയമനം ലഭിക്കുന്ന ജില്ലയിൽ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കുള്ള ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ. വി.മീനാക്ഷി
അഡീഷണൽ ഡയറക്ടർ(പൊതുജനാരോഗ്യം)

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാര്

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാര്
2. ബന്ധപ്പെട്ട മെഡിക്കൽ ആഫീസര്/സൂപ്രണ്ട്
3. ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ.

// ഉത്തരവിന് പ്രകാരം//

സൂപ്രണ്ട്

എ.എസ്